LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സാക്കിയിരിക്കുന്നു.

VI അവകാശലംഘന പ്രശ്നം

പരിഗണനയിലുള്ളവ

മി. സ്പീക്കർ: 2021 ജൂൺ 1-ാം തീയതി തന്റെ നിയോജക മണ്ഡലത്തിലെ കടമ്പ്രയാർ നദിയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ചട്ടം 62 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സഭയിൽ നടത്തിയ പ്രസംഗത്തെ തനിക്ക് ഹാനികരമാംവിധം വസ്തുതാവിരുദ്ധമായി ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തി അദ്ദേഹത്തിന്റെ യുട്യൂബ് ചാനൽ പരിപാടിയിൽ അവതരിപ്പിക്കുകയുണ്ടായെന്നും ഇങ്ങനെ ചെയ്തതുവഴി ശ്രീ. ബെന്നി ജോസഫ് ഭരണഘടനയിലെ അനുച്ഛേദം 194 പ്രകാരം നിയമസഭാ സാമാജികനെന്ന നിലയിലുള്ള തന്റെ അവകാശങ്ങളെ ഹനിച്ചിരിക്കുകയാണെന്നും ആയതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ. പി. ടി. തോമസ് എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് 11-8-2021-ന് റഫർ ചെയ്തിരിക്കുന്നു.